"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി -നഗരസഭകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ നിയമന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.793/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/04/2020

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 07/01/2019-ലെ ഡി.സി3/9653/18

നമ്പർ സർക്കുലർ

2 സ.ഉ(സാധാ) നം. 1238/2019/തസ്വഭവ തീയതി 18/06/2019

3 നഗരകാര്യ ഡയറക്ടറുടെ 23/04/2020 -ലെ ഡി.സി3/9653/18

നമ്പർ കത്ത്

**ഉത്തരവ്**

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ നഗരസഭകളിലും ആവശ്യമുള്ള പക്ഷം ഒരു അസിസ്റ്റന്റ് എഞ്ചിനിയറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടറുടെ പരാമർശം (1) സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ നിയമിക്കപ്പെട്ടവരുടെ നിയമന കാലാവധി ഒരു വർഷം കൂടി നീട്ടി നൽകുന്നതിന് അയ്യൻകാളി നഗര തൊഴിലുറപ്പ് കൗൺസിൽ തീരുമാനപ്രകാരം പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ജീവനക്കാരുടെ കരാർ കാലാവധി 31.03.2020-ന് അവസാനിച്ച സാഹചര്യത്തിൽ ഒരു വർഷത്തേയ്ക്ക് കൂടി കരാർ ദീർഘിപ്പിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി 31/03/2020-വരെ നഗരസഭകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ സേവനം തുടർന്ന് ആവശ്യമുള്ള പക്ഷം ടി ജീവനക്കാരുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തന മികവ് പരിശോധിച്ച ശേഷം തൃപ്തികരമാണെങ്കിൽ ഒരു വർഷം കൂടി കരാർ നിയമനം ദീർഘിപ്പിച്ച് നൽകുന്നതിന് നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ഇക്കാര്യത്തിൽ തൊഴിലുറപ്പ് കൗൺസിൽ യോഗത്തിന്റെ സാധൂകരണം നേടുന്നതിനുള്ള നടപടി നഗരകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകട്ടന് എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും (നഗര കാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും (നഗര കാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Danuja W

സെക്ഷൻ ഓഫീസർ